"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള OA 674/2022, 772/2022, 776/2022, 777/2022, 779/2022, 784/2022 എന്നീ കേസുകളിൻമേലുള്ള 19.12.2022 ലെ ഉത്തരവ് നടപ്പിലാക്കുന്നതിനായി വനം വന്യജീവി വകുപ്പിലെ 6 ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.59/2023/F&WLD തീയതി,തിരുവനന്തപുരം, 08-02-2023

---

പരാമർശം:-

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന്റെ 14.11.2021 ലെ ഡി1-19726/2014 നമ്പർ കത്ത്.
2. 29.04.2022 ലെ സ.ഉ.(സാധാ). നം. 191/2022/വനം നമ്പർ ഉത്തരവ്.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള OA 674/2022, 772/2022, 776/2022, 777/2022, 779/2022, 784/2022 എന്നീ കേസുകളിൻമേലുള്ള 19.12.2022 ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

വനസംരക്ഷണ പ്രവർത്തനങ്ങളിലും പദ്ധതി നിർവഹണത്തിലും സുപ്രധാന പങ്ക് വഹിക്കുന്ന റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാൽ, 29 ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്നതിനുള്ള ശിപാർശ പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കുകയും അതിലുൾപ്പെട്ട റഗുലർ പ്രൊമോഷൻ ലഭിക്കാൻ അർഹതയില്ലാത്ത ജീവനക്കാരെ ഒഴിവാക്കിക്കൊണ്ട്, അർഹരായ 21 പേർക്ക് റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ അനുവദിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. പ്രസ്തുത പ്രൊമോഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതിനെതിരെ ശ്രീ. വിനോദ് കുമാർ.സി.വി, ശ്രീ. രാജേഷ് കുമാർ.ആർ, ശ്രീ. ടി. ലതേഷ്, ശ്രീ. സെബാസ്റ്റ്യൻ. സി.ഒ, ശ്രീ. ഗിരീഷ്.കെ, ശ്രീ. രഘുലാൽ.ടി എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള OA 779/2022,OA 784/2022, OA 772/2022,OA 777/2022, OA 674/2022, OA 776/2022 എന്നീ കേസുകളിൽ, പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള പരാതിക്കാർക്ക് ഉത്തരവ് കിട്ടി രണ്ടാഴ്ചയ്ക്കകം KS&SSR റൂൾ 31 (a) (i) പ്രകാരം പ്രൊമോഷൻ അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം ബഹു. ട്രിബ്യൂണൽ ഉത്തരവാകുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കേസ് ഫയൽ ചെയ്തിട്ടുള്ള 6 ഡെപ്യൂട്ടി

റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടേയും ടി തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. വിനോദ് കുമാർ.സി.വി, ശ്രീ. രാജേഷ് കുമാർ.ആർ, ശ്രീ. ടി. ലതേഷ്, ശ്രീ. സെബാസ്റ്റ്യൻ. സി.ഒ, ശ്രീ. ഗിരീഷ്.കെ, ശ്രീ. രഘുലാൽ.ടി എന്നിവർക്ക്, പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുമ്പോൾ റിവേർട്ട് ചെയ്യുന്നതാണ് എന്ന വ്യവസ്ഥയിൽ, കെ.എസ്. & എസ്. എസ്.ആർ ചട്ടം 31 (a) (i) പ്രകാരം, റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അനുമതി നൽകിക്കൊണ്ടും അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 03-02-2023 12:55:57